# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-03-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പ് പ്രചരണം ശക്തമാക്കി മുന്നണികൾ. വോട്ടെടുപ്പിന് ഇനി 11 ദിവസം മാത്രം.

**Political parties have intensified their campaign for the Legislative Assembly elections in Kerala. Only 11 days remain for polling.**

2) എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പാലക്കാടും തൃശൂരുമെത്തും. മലപ്പുറത്ത് എൽഡിഎഫ് പ്രചാരണ യോഗങ്ങളിൽ പങ്കെടുത്ത് മുഖ്യമന്ത്രി പിണറായി വിജയൻ. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പ്രചാരണത്തിനായി നാളെ സംസ്ഥാനത്തെത്തും.

**Prime Minister Narendra Modi will arrive in Palakkad and Thrissur today for the NDA campaign. Chief Minister Pinarayi Vijayan will attend LDF campaign meetings in Malappuram. Senior Congress leader Rahul Gandhi will reach the state tomorrow for campaigning.**

3) പശ്ചിമേഷ്യൻ സംഘർഷം ഉയർത്തുന്ന വെല്ലുവിളികളെ രാജ്യം ഒരുമിച്ച് നിന്ന് മറികടക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. പെട്രോൾ, ഡീസൽ ലഭ്യതയിലെ പ്രതിസന്ധി നേരിടാൻ ഇന്ത്യ സജ്ജമാണെന്നും പ്രധാനമന്ത്രി.

In Mann Ki Baat, Prime Minister Narendra Modi said the country must stand united to overcome the challenges posed by the West Asia conflict. He also stated that India is prepared to bravely confront any crisis emerging around the world regarding petrol and diesel.

4) സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള ഹോം വോട്ടിംഗ് പ്രക്രിയ നാളെ ആരംഭിക്കും. സമൂഹ മാധ്യമം വഴിയുള്ള തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മീഡിയ സർട്ടിഫിക്കേഷൻ നിർബന്ധമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

The home voting process for the State Assembly elections will begin tomorrow. The Election Commission has made media certification mandatory for election campaigning through social media platforms.

5) വിശുദ്ധ വാരാചരണത്തിന് തുടക്കം കുറിച്ച് ഇന്ന് ഓശാന ഞായർ. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടന്നു.

Marking the beginning of Holy Week, Palm Sunday is being observed today. Special prayers were held in churches across the state.

6)ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും

In IPL cricket today, Kolkata Knight Riders will take on Mumbai Indians.

&&&&&&&&&&&&&&&&&&

## HEADLINE-1 & 2

***Election Kerala (INTRO)***

***കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പ് പ്രചരണം ശക്തമാക്കി മുന്നണികൾ. വോട്ടെടുപ്പിന് ഇനി 11 ദിവസം മാത്രം. എൻ ഡി എ പ്രചാരണത്തിനായി മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഉച്ച തിരിഞ്ഞ് രണ്ട് മണിയോടെ കേരളത്തിലെത്തും. പാലക്കാട് കോട്ട മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. തുടർന്ന് തൃശ്ശൂരിൽ എത്തുന്ന ശ്രീ മോദി അൻപതിനായിരത്തോളം പാർട്ടി പ്രവർത്തകർ പങ്കെടുക്കുന്ന റോഡ് ഷോയ്ക്ക് നേതൃത്വം നൽകും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് പാലക്കാടും തൃശൂരും സുരക്ഷ കർശനമാക്കിയിട്ടുണ്ട്.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.***

***(വോയ്സ്)***

&&&&&&&&&&&&&&&

## HEADLINE-2A

**ELECTION KERALA**

എൽഡിഎഫിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ പിണറായി വിജയൻ ഇന്ന് മലപ്പുറം ജില്ലയിൽ പര്യടനം നടത്തുകയാണ്. തിരൂർ, പൊന്നാനി, തവനൂർ, പെരിന്തൽമണ്ണ മണ്ഡലങ്ങളിൽ അദ്ദേഹം പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്യുന്നുണ്ട്. യു ഡി എഫിനായി ലോക്സഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി നാളെ കോട്ടയത്ത് പ്രചാരണത്തിനെത്തും. മുതിർന്ന കോൺഗ്രസ് നേതാക്കളായ രമേശ് ചെന്നിത്തല, കെ. സി വേണുഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവർ ഇന്ന് എറണാകുളം ജില്ലയിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. ഏപ്രിൽ 9 നാണ് സംസ്ഥാനത്ത്

വോട്ടെടുപ്പ്. 890 സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന തിരഞ്ഞെടുപ്പിൽ കേരളത്തിൽ 2.71 കോടി വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&

**HEADLINE-3**

**MANKI BAATH: WEST ASIA**

പശ്ചിമേഷ്യൻ സംഘർഷം ഉയർത്തുന്ന വെല്ലുവിളികളെ രാജ്യം ഒരുമിച്ച് നിന്ന് മറികടക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. വിഷയത്തെ രാഷ്ട്രീയവൽക്കരിക്കരുതെന്നും, നിലവിൽ യുദ്ധം നടക്കുന്ന പ്രദേശം രാജ്യത്തിന്റെ ഊർജ്ജ ആവശ്യങ്ങളുടെ പ്രധാന കേന്ദ്രമാണെന്നും അദ്ദേഹം പറഞ്ഞു . പെട്രോൾ, ഡീസൽ ലഭ്യതയിൽ ലോകമെമ്പാടും പ്രതിസന്ധി നേരിടുന്നതായി പറഞ്ഞ അദ്ദേഹം ഇത് നേരിടാൻ ഇന്ത്യ സജ്ജമാണെന്നും വ്യക്തമാക്കി. ഗൾഫ് രാജ്യങ്ങളിലെ ഒരു കോടിയിലധികം വരുന്ന ഇന്ത്യക്കാർക്ക് എല്ലാത്തരം സഹായങ്ങളും നൽകുന്ന ഗൾഫ് ഭരണകർത്താക്കൾക്ക് ശ്രീ.മോദി നന്ദി അറിയിച്ചു.

&&&&&&&&&&&&&&&

**MKB – LAKSHADWEEP (INTRO)**

***മത്സ്യത്തൊഴിലാളികൾ കടലിന്റെ യോദ്ധാക്കൾ എന്നതിന് പുറമേ സ്വയംപര്യാപ്ത ഭാരതത്തിന്റെ ശക്തമായ അടിത്തറയാണെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ ചൂണ്ടിക്കാട്ടി. ഫിഷറീസ് മേഖലയിൽ നടക്കുന്ന നൂതന സംരംഭങ്ങളെക്കുറിച്ച് പരാമർശിച്ച അദ്ദേഹം ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്നുള്ള ഹാവ്വ ഗുൽസാറിന്റെ വിജയ കഥയും മൻ കി ബാത്തിൽ പങ്കുവച്ചു. ഒരു മത്സ്യ സംസ്കരണ യുണിറ്റ് നടത്തിയിരുന്ന അവർ ഒരു കോൾഡ് സ്റ്റോറേജ് യൂണിറ്റ് കൂടി സ്ഥാപിച്ചത് വഴി വലിയ വിജയം സ്വന്തമാക്കിയതായി പറഞ്ഞ പ്രധാനമന്ത്രി അമ്മമാരുടെയും സഹോദരിമാരുടെയും ദൃഢനിശ്ചയമാണ് ഇത് തെളിയിക്കുന്നതെന്നും അഭിപ്രായപ്പെട്ടു..***

***(VOICE)***

&&&&&&&&&&&&&&&

## MKB FISHERIES+ WATER +SEED+PLANT

രാജ്യത്തെ ജനങ്ങൾ ജലസംരക്ഷണത്തോടുള്ള പ്രതിബദ്ധത പുതുക്കേണ്ട സമയമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാതിൽ ഓർമ്മിപ്പിച്ചു. ജലപ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധയിടങ്ങളിൽ കമ്മ്യൂണിറ്റി തലത്തിൽ ശ്രമങ്ങൾ നടക്കുന്നതിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനൊപ്പം വിത്തിനങ്ങൾ സംരക്ഷിക്കേണ്ടതിൻറെ പ്രാധാന്യവും അദ്ദേഹം മൻ കി ബാതിൽ വിശദമാക്കി.

&&&&&&&&&&&&&&&

## MKB SOLAR

ലോകം കാലാവസ്ഥാ വ്യതിയാനം പോലുള്ള വെല്ലുവിളികളെ നേരിടുമ്പോൾ, പരിഹാര മാർഗങ്ങൾ അകലെയല്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ബില്ലിൽ ലാഭമുണ്ടാക്കാനും, സോളാർ സംരംഭകരായി മാറാനും സാധിച്ച നിരവധിപ്പേരെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

&&&&&&&&&&&&&&&

## MKB – FITNESS

എല്ലാവരും ശാരീരിക ക്ഷമതയിൽ ശ്രദ്ധ ചെലുത്തണമെന്നും പ്രധാനമന്ത്രി പറഞ്ഞു. പഞ്ചസാരയുടെയും പാചക എണ്ണയുടെയും ഉപയോഗം കുറയ്ക്കണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. അന്താരാഷ്ട്ര യോഗ ദിനത്തിന് 100 ദിവസത്തിൽ താഴെ മാത്രം ശേഷിക്കെ, ലോകമെമ്പാടും യോഗയോടുള്ള താൽപര്യം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&

**HEADLINE-4**

**HOME VOTING**

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള ഹോം വോട്ടിംഗ് പ്രക്രിയ നാളെ ആരംഭിക്കും. 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർ, 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ എന്നിവർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനാണ് ഇത് ഏർപ്പെടുത്തിയിരിക്കുന്നത്. ഏപ്രിൽ അഞ്ച് വരെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തും.

&&&&&&&&&&&&&&&

**MCC-SOCIAL MEDIA CAMPAIGN**

സ്ഥാനാർഥികളുടെ സമൂഹ മാധ്യമം വഴിയുള്ള തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മീഡിയ സർട്ടിഫിക്കേഷൻ നിർബന്ധമാണെന്ന് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ പി ബി നൂഹ്. സർട്ടിഫിക്കേഷൻ ഇല്ലാതെ സമൂഹ മാധ്യമ അക്കൗണ്ടിലൂടെ വോട്ടർമാരെ സ്വാധീനിക്കുന്ന ഉള്ളടക്കങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. . മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിക്കും മുമ്പ് മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി നിർബന്ധമാണ്. ഇതിനൊപ്പമാണ് സാമൂഹിക മാധ്യമ പ്രചാരണത്തിനും സർട്ടിഫിക്കേഷൻ നിർബന്ധമാക്കുന്നത്.

&&&&&&&&&&&&&&&

**WB - SIR**

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർപട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട മൂന്നാമത്തെ സപ്ലിമെന്ററി വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. ഇന്നലെ രാത്രിയോടെയാണ് പട്ടിക പുറത്തിറക്കിയത്.

&&&&&&&&&&&&&&&

**GULF – HIGH ALERT**

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ യുഎഇ,കു വൈറ്റ്, ബഹ്റൈൻ എന്നിവിടങ്ങളിലെ വ്യാവസായിക കേന്ദ്രങ്ങളിൽ ഇറാൻ ഇന്ന് ശക്തമായ ആക്രമണം നടത്തി. യുഎസ് സൈനിക സ്ഥാപനങ്ങളുമായി ബന്ധമുണ്ടെന്ന് ആരോപിച്ചായിരുന്നു ആക്രമണം. ഇന്നലെ മാത്രം 20 മിസൈലുകൾ,37 ഡ്രോണുകൾ എന്നിവയെ തടഞ്ഞതായി യുഎഇ പ്രതിരോധ മന്ത്രാലയം അറിയിച്ചു. ടെഹ്റാൻ അടക്കം ഇറാന്റെ തന്ത്രപ്രധാനമായ മേഖലകളിൽ ഇസ്രായേൽ ആക്രണം ശക്തമാക്കിയിട്ടുണ്ട്. നിരവധി ഇറാനിയൻ സേനാ കമാണ്ടർമാരെ വധിച്ചതിന് പുറമേ, ആയുധ നിർമ്മാണ-സംഭരണ ശാലകൾ നശിപ്പിക്കാൻ സാധിച്ചെന്നും ഇസ്രായേൽ സൈന്യം അറിയിച്ചു. അതിനിടെ യമനിലെ ഹൂതി വിമതർ ഇസ്രയേലിനെതിരെ വീണ്ടും ആക്രമണം നടത്തിയത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും പ്രധാന ചരക്കു നീക്ക പാതകളിൽ ഒന്നായ ബാബ് അൽ മണ്ടേബ് കടലിടുക്കിന്റെ സമീപ പ്രദേശങ്ങളുടെ നിയന്ത്രണം ഹൂതികൾക്കാണ്.

&&&&&&&&&&&&&&&

**RAJNATH – WEST ASIA MEETING**

പശ്ചിമേഷ്യയിൽ സംഘർഷം പരിഹരിക്കുന്നതിന് സംയുക്തവും ദീർഘവീക്ഷണത്തോട് കൂടിയുള്ളതുമായ മാർഗ്ഗങ്ങൾ അനിവാര്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹി യിൽ മുതിർന്ന മന്ത്രിമാർ ഉൾപ്പെടെ പങ്കെടുത്ത അനൗപചാരിക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ഊർജ്ജ വിതരണത്തിലുള്ള വെല്ലുവിളികൾ , അവശ്യവസ്തുക്കളുടെ ആഭ്യന്തര ലഭ്യത എന്നിവ അവലോകനം ചെയ്യുന്നതിനാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&

**HEADLINE-5**

**OSANA DAY**

യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശന സ്മരണകളുയർത്തി ഇന്ന് ഓശാന ഞായർ. ദേവാലയങ്ങളിൽ കുരുത്തോലകൾ കയ്യിലേന്തി വിശ്വാസികൾ പ്രദക്ഷിണം നടത്തി. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ ഓശാനയോടനുബന്ധിച്ച് പ്രത്യേക പ്രഭാത പ്രാർത്ഥന, വിശുദ്ധ കുർബ്ബാന എന്നീ ശുശ്രൂഷകൾ നടന്നു. തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ രാവിലെ 6.30ന് ആരംഭിച്ച ചടങ്ങുകളിൽ മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ മുഖ്യകാർമികനായി. യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളെയും ഉയിർത്തെഴുന്നേൽപ്പിനെയും അനുസ്മരിക്കുന്ന വിശുദ്ധ വാരാചരണത്തിന്റെ തുടക്കം കൂടിയാണ് ഓശാന ഞായർ.

&&&&&&&&&&&&&&&

## HEADLINE-6

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30 ന് കളി ആരംഭിക്കും. .ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, 6 വിക്കറ്റിന് സൺറൈസേഴ്സ് ഹൈദരാബദിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&